**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3044** **14-02-2024 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ മേജർ/ മൈനർ ഇറിഗേഷൻ വകുപ്പുകൾ, കേരള വാട്ടർ അതോറിറ്റി/ ജല ജീവൻ മിഷൻ തുടങ്ങിയവ മുഖേന നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ മേജർ/ മൈനർ ഇറിഗേഷൻ വകുപ്പുകൾ, കേരള വാട്ടർ അതോറിറ്റി/ ജല ജീവൻ മിഷൻ തുടങ്ങിയവ മുഖേന നടപ്പാക്കി വരുന്ന പ്രവൃത്തികളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |
| (ബി) | കടലാക്രമണം മൂലം തീരം കടലെടുക്കുന്നത് തടയുന്നതിനും തീരസംരക്ഷണത്തിനുമായി വള്ളിക്കുന്ന് മണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; | (ബി) | കടലാക്രമണം മൂലം തീരം കടലെടുക്കുന്നത് തടയുന്നതിനും തീരസംരക്ഷണത്തിനുമായി വള്ളിക്കുന്ന് മണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കൂടി കടന്നു പോകുന്ന പുഴകളുടെ വശങ്ങൾ തകർന്നത് നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ലഭിച്ച അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | വള്ളിക്കുന്ന് മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന കടലുണ്ടി പുഴയുടെ വശങ്ങൾ തകർന്നത് നവീകരിക്കുന്നതിന് താഴെപറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**1**.Natural Calamity-SDRF-2019- Protecting the right bank of kadalundi river at palath in Ward No: 11 of Moonniyur Grama panchayath.<br><br>**2**.Natural Calamity -SDRF -2019- Protectin the left bank of Kadalundi river near Poranchery - OlipramKadavu Road in Vallikunnu Panchayath (Reach 2 & 3). |

സെക്ഷൻ ഓഫീസർ

## അനുബന്ധം (എ)

## ജലസേചനവും ഭരണവും കാര്യാലയത്തിനു കീഴിലെ പ്രവൃത്തികൾ

### മേജർ ഇറിഗേഷൻ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് പഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ CESCP 1736 ഇൽ നിന്നും തെക്കോട്ട് 270 മീറ്റർ നീളത്തിൽ കടൽ ഭിത്തിയുടെ പുനരുദ്ധാരണം. | 219.00 |
| 2 | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് പഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ കടപ്പുറത്ത് തീര സംരക്ഷണ പ്രവൃത്തിക്കായി ഹൈഡ്രോളിക് മോഡൽ സ്റ്റഡീസ് | 10.00 |

### മൈനർ ഇറിഗേഷൻ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| **2021-22** | **Plan** | |
| 1 | Side Protection Works to Manthodu near Mannattampara of Moonniyur Panchayath | 25 |
| 2 | Urgent reconstruction of damaged foot path bridge of Mannattampara weir cum lock across Kadalundi river in Moonniyur and Vallikkunnu panchayaths | 14 |
| 3 | Renovation of Sankaranchira VCB in Peruvallure Grama Panchayath, Vallikkunnu LAC, Malappuram District | 25 |
| 4 | MI Class I – Pappanoor Chali – VelimukkuChali Irrigation Project in Moonniyur Panchayath in Malappuram District | 540 |
| | **Non -Plan** | |
| 1 | Annual Maintenance of Mullankuzhi LIS in Malappuram District for the year 2021-22 | 2.54 |

| | | |
|---|---|---|
| 2 | Annual Maintenance of Thekkepadam LIS in Malappuram District for the year 2021-22 | 2.80 |
| 3 | Annual Maintenance of Mannattampara Weir cum Lock across Kadalundi River in Moonniyur Panchayath for the year 2021-22 | 2.11 |
| **2022-23** | **Plan** | |
| | Construction of VCB across Moozhikkal thodu at Kalathingalpara in Moonniyoor Grama Panchayath, Malappuram District | 100 |
| **2022-23** | **Non - Plan** | |
| 1 | Annual maintenance of L.I.Scheme Mullankuzhi in Vallikkunnu LAC in Malappuram District for the year 2022-23 | 26.92 |
| 2 | Annual maintenance of L.I.Scheme Thekkepadam in Vallikkunnu LAC in Malappuram District for the year 2022-23 | 29.68 |
| 3 | Annual maintenance of Mannattampara weir cum lock across Kadalundi river between Vallikkunnu and Moonniyoor Grama Panchayath in Vallikkunnu LAC in Malappuram District | 2.23 |
| **2023-24** | | |
| 1 | Annual maintenance of L.I.Scheme Mullankuzhi in Vallikkunnu LAC in Malappuram District for the year 2022-23 | 1.80 |
| 2 | Annual maintenance of L.I.Scheme Thekkepadam in Vallikkunnu LAC in Malappuram District for the year 2022-23 | 1.60 |
| 3 | Annual maintenance of Mannattampara weir cum lock across Kadalundi river between Vallikkunnu and Moonniyoor Grama Panchayath in Vallikkunnu LAC in Malappuram District 2023-24 | 2.23 |

**<u>കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ</u>**

| ക്രമ നം. | പദ്ധതി | പഞ്ചായത്ത് | പുതുക്കിയ ഭരണാനുമതി തുക | ഭരണാനുമതിയിലുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം |
|---|---|---|---|---|
| 1 | മുന്നിയൂർ, ചേലേമ്പ്ര, വള്ളിക്കുന്ന്, തേഞ്ഞിപ്പലം പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | ചേലേമ്പ്ര | 30740 | 7247 |
| | | തേഞ്ഞിപ്പലം | | 9085 |
| | | മുന്നിയൂർ, | | 8072 |
| | | വള്ളിക്കുന്ന്, | | 11126 |
| 2 | പെരുവള്ളൂർ പഞ്ചായത്തിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | പെരുവള്ളൂർ | 6721 | 7262 |
| 3 | ചീക്കോടിനും സമീപ വില്ലേജുകൾക്കുമുള്ള സമഗ്ര കുടിവെള്ള പദ്ധതി | പള്ളിക്കൽ | 6273 | 9599 |

| വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതികൾ | | | | |
|---|---|---|---|---|
| ക്രമ നം. | പദ്ധതി | പാക്കേജ് | പ്രവൃത്തിയുടെ പേര് | നിലവിലുള്ള പുരോഗതി |
| 1 | മുന്നിയൂർ, ചേലേമ്പ്ര, വള്ളിക്കുന്ന്, തേഞ്ഞിപ്പലം പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | പാക്കേജ് 1 എ | 12 മീറ്റർ വ്യാസമുള്ള കിണർ, 33 ദശലക്ഷം ശുദ്ധീകരണ ശേഷിയുള്ള ജലശുദ്ധീകരണശാല, 25 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണി എന്നിവയുടെ നിർമ്മാണം, 700 മി.മീ ഡി.ഐ കെ 9 പമ്പിംഗ് മെയിൻ സ്ഥാപിക്കലും റോഡ് പുനരുദ്ധാരണ പ്രവൃത്തിയും | പ്രവൃത്തി പുരോഗമിച്ചുവരുന്നു. 60% പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| | | പാക്കേജ് 2 | 14 ലക്ഷം, 6.5 ലക്ഷം, 9 ലക്ഷം സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണികളുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, വള്ളിക്കുന്ന ഗ്രാമപഞ്ചായത്തിൽ വിതരണ ശൃംഖല എന്നിവ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി | പ്രവൃത്തി പുരോഗമിച്ചുവരുന്നു. 30% പൂർത്തീകരിച്ചു |
| | | പാക്കേജ് 3 | 14 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ നിർമ്മാണം, തേഞ്ഞിപ്പലം, ചേലേമ്പ്ര ഗ്രാമപഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി. | പ്രവൃത്തി പുരോഗമിച്ചുവരുന്നു. 28% പൂർത്തീകരിച്ചു |
| | | പാക്കേജ് 3 എ | തേഞ്ഞിപ്പലം, ചേലേമ്പ്ര ഗ്രാമപഞ്ചായത്തുകളിൽ അവശേഷിക്കുന്ന വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി. | പ്രവൃത്തി പുരോഗമിച്ചുവരുന്നു. 25% പൂർത്തീകരിച്ചു |
| | | പാക്കേജ് 4 | റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്ന പ്രവൃത്തി | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 2 | പെരുവള്ളൂർ പഞ്ചായത്തിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | പാക്കേജ് 1 | 14 & 8 ലക്ഷം ലിറ്റർ ഉന്നതതല സംഭരണികളുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി. | പ്രവൃത്തി പുരോഗമിച്ചുവരുന്നു. 20% പൂർത്തീകരിച്ചു |
| | | പാക്കേജ് 1 എ | 7 ദശലക്ഷം ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള ജലശുദ്ധീകരണശാല, 3 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള സമ്പ് കം പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണം | പ്രവൃത്തി പുരോഗമിച്ചുവരുന്നു. 9% പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| | | പാക്കേജ് 1 ബി | തലപ്പാറ മുതൽ പാറക്കടവ് കിണർ വരെ 350 മി.മീ ഡി.ഐ കെ 9 റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ | പ്രവൃത്തി പുരോഗമിച്ചുവരുന്നു. 2% പൂർത്തീകരിച്ചു |
| | | പാക്കേജ് 2 | അവശേഷിക്കുന്ന വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകലും റോ വാട്ടർ ക്ലിയൽ വാട്ടർ പമ്പ് സെറ്റുകൾ സ്ഥാപിക്കലും | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 3 | ചീക്കോടിനും സമീപ വില്ലേജുകൾക്കുമുള്ള സമഗ്ര കുടിവെള്ള പദ്ധതി | ഫേസ് 1 | പള്ളിക്കൽ ഗ്രമാപഞ്ചായത്തിൽ വിതരണശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി | പ്രവൃത്തി പുരോഗമിച്ചുവരുന്നു. 91% പൂർത്തീകരിച്ചു |
| | | ഫോസ് 2 | 5.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി, 1 ലക്ഷം സംഭരണശേഷിയുള്ള സമ്പ് കം പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണം, സോൺ 2 പ്രദേശത്തേക്കുള്ള വിതരണശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകൽ, ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ | പ്രവൃത്തി പുരോഗമിച്ചുവരുന്നു. 56% പൂർത്തീകരിച്ചു |

കൂടാതെ സ്റ്റേറ്റ് പ്ലാനിൽ ചേളാരി ജലശുദ്ധീകരണ ശാലയിൽ 25 എച്ച്. പി.മോട്ടോർ സ്ഥാപിക്കുന്നതിന് 9.00 ലക്ഷം രൂപയുടെ ഭാരണാനുമതി നൽകി പ്രവൃത്തി നടന്നു വരുന്നു.

## ഐ.ഡി.ആർ.ബി

മൈനർ ഇറഗേഷൻ ഡിവിഷന്റെ പ്രവൃത്തിയായ കടലുണ്ടി പുഴക്ക് കുറുകെ മണ്ണട്ടംപാറയിൽ റേഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള 4.31 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പാലക്കാട് ഐ.ഡബ്ല്യൂ.ആർ ഡിവിഷൻ കാര്യാലയത്തിൽ നടന്നുവരുന്നു. പീച്ചി, സി.എം. & എഫ്. ഇ ജോയിന്റ് ഡയറക്ടറുടെ കീഴിൽ മുന്നിയൂർ വള്ളിക്കുന്ന് പഞ്ചായത്തുകളിലായി കടലുണ്ടി പുഴക്ക് കുറുകെ മണ്ണട്ടംപാറ വിയറിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള സോയിൽ ഇൻവെസ്റ്റിഗേഷനുവേണ്ടി 9,30,000/- രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. (ആകെ തുക 13.61 ലക്ഷം)

**<u>ജലനിധിക്ക് കീഴിൽ നടപ്പിലാക്കി വരുന്ന ജലജീവൻ മിഷൻ പദ്ധതികൾ</u>**

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | KRWSA വഴി നടപ്പിലാക്കുന്ന FHTC കളുടെ എണ്ണം | അനുവദിച്ച തുക (രൂപ ലക്ഷത്തിൽ) | പൂർത്തീകരിച്ച FHTC കണക്ഷനുകളുടെ എണ്ണം. |
|---|---|---|---|---|
| 1 | ചെലംബ്ര | 300 | 105.60 | 313 |
| 2 | മുന്നിയൂർ * | 2518 | 725.00 | 0 |

*വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന മുന്നിയൂർ ഗ്രാമ പഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കിയതിന് ശേഷം അവശേഷിച്ച മുഴുവൻ വീടുകൾക്കും ടാപ്പ് മുഖേന കുടിവെള്ളം എത്തിക്കുന്നതിനുള്ള ജല ജീവൻ മിഷൻ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കിയത് കേരള ജല അതോറിറ്റി ആയിരുന്നു. പിന്നീട് കേരള ജല അതോറിറ്റി ആവശ്യപ്പെട്ട പ്രകാരം ബഹു: വള്ളിക്കുന്ന് എം.എൽ.എ യുടെ ആവശ്യകതയിൽ കേരള ജല അതോറിറ്റി, കെ.ആർ.ഡബ്ല്യു.എസ്.എ, ഗ്രാമ പഞ്ചായത്ത് എന്നിവർ സംയുക്തമായി യോഗം ചേരുകയും ടി പഞ്ചായത്തിൽ ജല ജീവൻ മിഷൻ നടപ്പിലാക്കേണ്ട നിർവ്വഹണ ഏജൻസി എന്ന നിലയ്ക്കുള്ള ഉത്തരവാദിത്വം KRWSA യ്ക്ക് ആണെന്നും ഭരണാനുമതി തുകയിൽ നിന്ന് പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും തുടർന്ന് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. നിലവിൽ മുന്നിയൂർ ഗ്രാമ പഞ്ചായത്തിൽ JJM പദ്ധതി നടപ്പിലാക്കേണ്ടതില്ലെന്ന് 19.12.2023 തീയതിയിലെ 16/1 പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**<u>മെക്കാനിക്കൽ</u>**

വള്ളിക്കുന്ന് മണ്ഡലത്തിൽ എംഐ ക്ലാസ് I- മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലെ കളത്തിങ്കൽ പാറയിൽ മൂഴിക്കൽ തോട് കുറുകെയുള്ള വിസിബിയുടെ നിർമ്മാണത്തിനുള്ള മെക്കാനിക്കൽ പ്രവൃത്തികൾക്കായി 22 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രവർത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പ്രവൃത്തി 14-08-2023-ന് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത മെക്കാനിക്കൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷമാണ്.

KIIFB-കടയ്ക്കാട്ടുപാറ ആലുംകടവ് കടലുണ്ടി നദിക്ക് കുറുകെയുള്ള SWE (Salt water extrusion) റെഗുലേറ്ററിന്റെ നിർമ്മാണത്തിനായുള്ള മെക്കാനിക്കൽ പ്രവർത്തികൾക്കുള്ള 10.88 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## <u>അനുബന്ധം (ബി)</u>

**<u>ജലസേചനവും ഭരണവും</u>**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് പഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ CESCP 1736 ഇൽ നിന്നും തെക്കോട്ട് 270 മീറ്റർ നീളത്തിൽ കടൽ ഭിത്തിയുടെ പുനരുദ്ധാരണം. | 219.00 |
| 2 | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് പഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ പ്രദേശത്ത് തീര സംരക്ഷണ പ്രവൃത്തിക്കായ് ഹൈഡ്രോളിക് മോഡൽ സ്റ്റഡീസ് | 10.00 |

**<u>ഐ.ഡി.ആർ.ബി</u>**

വള്ളിക്കുന്ന് പഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിലെ പരപ്പാളിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കടൽഭിത്തിയുടെ CWPRS (Central Water & Power Research Station ) Pune നടത്തുന്ന മോഡൽ സ്റ്റഡിക്കായി ആവശ്യപ്പെട്ട ഡാറ്റ എടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തൃശ്ശൂർ സി.ഇ.എഫ്.എസ് ഡിവിഷനിൽ നടന്നുവരുന്നു.